# പ്രസിദ്ധീകരണത്തിന്

മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കുന്നതിൽ സർക്കാർ വരുത്തുന്ന കാലതാമസം ചോദ്യം ചെയ്തുകൊണ്ടും, കാലവിളംബം കൂടാതെ പട്ടിക പ്രസിദ്ധീകരിക്കുവാൻ സർക്കാരിന് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എൻ.എസ്.എസ്. ബഹു. ഹൈക്കോടതി മുമ്പാകെ 2021 ഫെബ്രുവരിയിൽ ഉപഹർജി സമർപ്പിച്ചിരുന്നു. അതിന്മേൽ വാദംകേട്ട ശേഷം മുന്നാക്കസമുദായ പട്ടിക ഒരുമാസത്തിനകം പ്രസിദ്ധീകരിക്കണമെന്ന് സംസ്ഥാനസർക്കാരിന് ബഹു. ഹൈക്കോടതി 24.3.2021-ൽ നിർദ്ദേശം നല്കി.

പട്ടിക പ്രസിദ്ധീകരിക്കുന്നതിന് തിരഞ്ഞെടുപ്പുപെരുമാറ്റച്ചട്ടം തടസ്സമാണ് എന്ന സർക്കാർവാദം കോടതി തള്ളിക്കളഞ്ഞിരുന്നു. മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കേണ്ടത് സംസ്ഥാനത്തെ മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾക്കായുള്ള 'കേരളസംസ്ഥാനകമ്മീഷൻനിയമം 2015' പ്രകാരമാണ്. നിയമം അനുശാസിക്കുന്ന കാര്യങ്ങൾ സർക്കാർ നിർവഹിക്കുമ്പോൾ തിരഞ്ഞെടുപ്പുപെരുമാറ്റച്ചട്ടം അതിന് തടസ്സമാവില്ല. പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് വളരെ മുമ്പുതന്നെ 4.5.2020-ൽ മുന്നാക്കസമുദായപട്ടിക ഉൾപ്പെടുന്ന മുന്നാക്കസമുദായകമ്മീഷൻറിപ്പോർട്ട് സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ പട്ടികപ്രസിദ്ധീകരണം തിരഞ്ഞെടുപ്പുപെരുമാറ്റച്ചട്ടപരിധിയിൽ ഉൾപ്പെടില്ല എന്ന് നിരീക്ഷിച്ചുകൊണ്ടാണ് പട്ടിക ഒരുമാസത്തിനകം പ്രസിദ്ധീകരിക്കുവാൻ ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നല്കിയത്.

മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കുള്ള സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നവരെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നത് ബാധിക്കും എന്ന് ബഹു.ഹൈക്കോടതി നിരീക്ഷിക്കുകയും ചെയ്തു.

ഹൈക്കോടതിഉത്തരവുപ്രകാരം മുന്നാക്കസമുദായപട്ടിക സർക്കാർ 23.4.2021-ൽ പ്രസിദ്ധീകരിക്കേണ്ടതായിരുന്നു. എന്നാൽ ഉത്തരവ് പുറപ്പെടുവിച്ച് രണ്ടുമാസം കഴിഞ്ഞിട്ടും പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ ചീഫ് സെക്രട്ടറിക്ക് എതിരായി അഡ്വക്കേറ്റ് മുഖാന്തിരം എൻ.എസ്.എസ്. കോടതിയലക്ഷ്യനോട്ടീസ് നല്കിയിരിക്കുകയാണ്.

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഭരണഘടന വിഭാവനം ചെയ്യുന്ന 10 ശതമാനം സംവരണം, മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കാത്തതുവഴി നിരർത്ഥകമാവുകയാണെന്നും, അതിനാൽ ഉടനടി പട്ടിക പ്രസിദ്ധീകരിക്കണമെന്നും, അതിൽ വീഴ്ച ഉണ്ടായാൽ ചീഫ് സെക്രട്ടറിക്ക് എതിരെ വ്യക്തിപരമായി കോടതിയലക്ഷ്യനടപടികൾ സ്വീകരിക്കുന്നതാണെന്നും കോടതിയലക്ഷ്യനോട്ടീസിൽ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.

പെരുന്ന
2.6.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി